"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം സെന്റ് ജോൺസ് മോഡൽ എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ് ശ്രീമതി സജനി വി. കോശി സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3779/2025/GEDN തീയതി,തിരുവനന്തപുരം, 10-06-2025

---

പരാമർശം:-

1. ശ്രീമതി സജിനി വി. കോശി സമർപ്പിച്ച 12/02/2025-ലെ റിവിഷൻ ഹർജി.
2. തിരുവനന്തപുരം മേഖലാ ഉപമേധാവിയുടെ (ഹയർ സെക്കന്ററി വിഭാഗം) 07/04/2025-ലെ RDDHSE/TVM/3/2025-TRO-8 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി വിഭാഗം) 09/04/2025-ലെ എസിഡി.ബി3/16837/2024/എച്ച്.എസ്.ഇ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം സെന്റ് ജോൺസ് മോഡൽ എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ് ശ്രീമതി സജനി വി. കോശി സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ 11/04/2025 തീയതിയിൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. എച്ച്.എസ്.റ്റി.(ഇംഗ്ലീഷ്) ആയിരുന്ന ഹർജിക്കാരിക്ക് തസ്തികമാറ്റ നിയമനം പ്രകാരം എച്ച്.എസ്.എസ്.റ്റി. ജൂനിയർ (ഇംഗ്ലീഷ്) ആയി നിയമനം ലഭിച്ചപ്പോൾ തന്നെക്കാൾ ജൂനിയർമാരായ എച്ച്.എസ്.റ്റി. മാരെക്കാൾ ശമ്പളത്തിൽ കുറവ് വരുന്നത് പരിഹരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

2. സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) (സീനിയർ ഗ്രേഡ്) ആയിരുന്ന ഹർജിക്കാരിക്ക് 01/06/2022 മുതൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ (ഇംഗ്ലീഷ്) ആയി ബൈട്രാൻസ്ഫർ നിയമനം ലഭിച്ചു. എച്ച്.എസ്.റ്റി. തസ്തികയിൽ ടിയാളുടെ ഇൻക്രിമെന്റ് തീയതി 01/07/2022 ആയിരുന്നു. തസ്തികമാറ്റ നിയമന പ്രകാരം ടിയാൾ ഉയർന്ന ശമ്പളസ്കെയിലിൽ നിന്നും താഴ്ന്ന ശമ്പളസ്കെയിലിലേക്ക് വന്നതിനാൽ KSR Part I Rule 37 b പ്രകാരം അടിസ്ഥാന ശമ്പളം സംരക്ഷിക്കുകയും അടുത്ത വാർഷിക ഇൻക്രിമെന്റ് പുതിയ തസ്തികയിൽ 1 വർഷം തികയുന്ന മാസത്തിൽ അനുവദിക്കുകയുമാണ് വേണ്ടതെന്നും, എന്നാൽ പേ ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം വാർഷിക ഇൻക്രിമെന്റ് പഴയ തസ്തികയിലെ തീയതിയിൽ ക്രമീകരിച്ച

നൽകിയതിനാൽ അതിന് അംഗീകാരം നൽകിയിട്ടില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. ഡബ്ല്യുപി(സി) നം.14753/2020-ന്റെ 11/11/2020-ലെ വിധിന്യായ പ്രകാരം ടി കേസിന്റെ ഹർജിക്കാരിയായ ശ്രീമതി മേരി സുപ്രിയയ്ക്ക് KSR Part I Rule 37(a) Decision No.4 പ്രകാരം ശമ്പളസ്കെയിൽ ഉയർന്നത് താഴ്ന്നത് എന്ന് പരിഗണിക്കാതെ ഉയർന്ന തസ്തികയിലേക്കുള്ള എല്ലാ നിയമനങ്ങൾക്കും refixation നൽകണമെന്ന് ഉത്തരവായിട്ടുണ്ടെന്നും ടി ഉത്തരവിന്റെ ആനുകൂല്യം ടിയാൾക്കും നൽകണമെന്നും ഹർജിക്കാരി വാദിക്കുകയുണ്ടായി.

4. ഹർജിക്കാരിക്ക് 2003-ൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് ആയി (Rs.41,300-87,000) സ്കെയിലിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന്, 7 വർഷത്തെ ഹയർ ഗ്രേഡ് (Rs.45,600-95,600), 15 വർഷത്തെ ഹയർ ഗ്രേഡ് (Rs.50,200-1,05,300) എന്നിവ ടിയാൾക്ക് ലഭിച്ചിട്ടുണ്ട്. 01/06/2022-ൽ ടിയാൾക്ക് തസ്തികമാറ്റം വഴി എച്ച്.എസ്.എസ്.റ്റി. ജൂനിയർ (ഇംഗ്ലീഷ്) ആയി സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ 01/07/2022-ൽ സ്വാഭാവികമായി ലഭിക്കേണ്ടിയിരുന്ന വാർഷിക ഇൻക്രിമെന്റ് 01/06/2023-ൽ നൽകിയതിനാൽ കേവലമായ രണ്ട് വർഷ കാലയളവ് കൊണ്ട് തന്നെ ടിയാൾക്ക് 4,1,400/- രൂപയുടെ നഷ്ടം ഉണ്ടാകുന്നു എന്നും ടിയാളുടെ ജൂനിയർമാരായ എച്ച്.എസ്.റ്റി.മാർ വാങ്ങുന്ന അടിസ്ഥാന ശമ്പളത്തെക്കാൾ കുറവാണ് ഹർജിക്കാരി എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിൽ വാങ്ങുന്നത് എന്നും ഹർജിക്കാരി വാദിക്കുകയുണ്ടായി.

5.Higher Time scale of pay-യിൽ നിന്നും Lower Time Scale of Pay-യിലേക്ക് നിയമനം ലഭിക്കുമ്പോൾ ശമ്പളം refix ചെയ്യുന്നത് സംബന്ധിച്ച് G.O.(P)No.25/2025/Fin dated 15.03.2025 പ്രകാരം സർക്കാർ സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സെന്റ് ജോൺസ് മോഡൽ ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഇംഗ്ലീഷ് ശ്രീമതി സജിനി വി. കോശിക്ക് ടിയാളുടെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) തസ്തികയിലെ ഇൻക്രിമെന്റ് തീയതിയായ 01/07/2022 എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിൽ കണക്കാക്കി പേ ഫിക്സേഷൻ നടത്താനാവില്ല.

6. മേൽ സാഹചര്യത്തിൽ, റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി സജിനി വി. കോശി, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) (ഇംഗ്ലീഷ്), സെന്റ് ജോൺസ് മോഡൽ ഹയർ സെക്കന്ററി സ്കൂൾ, തിരുവനന്തപുരം.
പ്രിൻസിപ്പാൾ, സെന്റ് ജോൺസ് മോഡൽ ഹയർ സെക്കന്ററി സ്കൂൾ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം-695 001.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (EDN-B1/168/2025-FIN dated 09/05/2025 പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/28/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 10-06-2025 19:25:30
സെക്ഷൻ ഓഫീസർ